(ബി) പ്രവാസി വിദ്യാർത്ഥികൾക്കായി ഇത്തരം ഒരു സംവിധാനം പ്രഖ്യാപിച്ചിരുന്നോ ;

(സി) എങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഇങ്ങനെയൊരു സംവിധാനം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല

ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങൾ

14 (2467) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് ആർ.എം.എസ്.എ പദ്ധതിയാൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി കേന്ദ്രത്തിന് നൽകിയിട്ടുള്ളതും ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് അനുമതി ലഭ്യമായതെന്നും വെളിപ്പെടുത്താമോ ; റിപ്പോർട്ട് ലഭ്യമാക്കുമോ ?

(സി) സംസ്ഥാന സർക്കാർ അപ്ഗ്രേഡ് ചെയ്ത് ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളതും കേന്ദ്ര അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ലാത്തതുമായ വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ഇല്ലാത്ത പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) മലപ്പുറം ജില്ലയിൽ അപ്ഗ്രേഡ് ചെയ്യുന്നതിനായി കേന്ദ്രത്തിന് സമർപ്പിച്ച സ്കൂളുകളുടെ ലിസ്റ്റും അനുമതി ലഭിച്ച സ്കൂളുകളുടെ എണ്ണും അനുബന്ധം II ആയി ചേർത്തിരിക്കുന്നു. *

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരം 30 സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി 94 തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം

15 (2471) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര സർക്കാർ സ്കൂളുകൾ അടച്ച് പൂട്ടിയെന്ന് ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) 2014-15 അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികൾ എത്ര വീതമാണെന്നുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) 2015-16 അദ്ധ്യയനവർഷം നാളിതുവരെ സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിയ ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ രണ്ടും കൊല്ലം, ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ ഒന്നു വീതവും സ്കൂളുകൾ അടച്ചു പൂട്ടിയിട്ടുണ്ട്.

(ബി) അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) അനുബന്ധം II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.